പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ റ്റി.3928 31.01.2014-ലെ മറുപടിക്ക്

## പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ

ചോദ്യം T-3928, ഉത്തരം

ശ്രീ. എളമരം കരീം ശ്രീ. കെ. എം. മാണി
(ബഹു.ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം നേടിയെടുക്കുന്നതിന് സാധ്യമായിട്ടുണ്ടോ ; | പ്ലാച്ചിമട നഷ്ടപരിഹാര ട്രൈബ്യൂണൽ ബിൽ ഇപ്പോൾ രാഷ്ട്രപതിയുടെ പരിഗണനയ്ക്കും അനുമതിയ്ക്കുമായി കേന്ദ്രസർക്കാരിൽ നിലവിലുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനോട് എന്തെങ്കിലും വിശദീകരണം ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ എപ്പോൾ; അത് നൽകുകയുണ്ടായോ ; എങ്കിൽ എപ്പോൾ ; | ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിൽ നിന്നും സംസ്ഥാന സർക്കാരിനോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 08.07.2011, 27.04.2012, 06.09.2013 തീയതികളിലെ No.17/12/2011/Judl-PP കത്തുകൾ മുഖേനയാണ് വിശദീകരണം ആവശ്യപ്പെട്ടിരുന്നത്. വിശദീകരണം നൽകിയിട്ടുണ്ട്. പ്രസ്തുത ബില്ലിനെ സംബന്ധിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയം |

| | | |
|---|---|---|
| | | ആവശ്യപ്പെട്ടപ്രകാരം സംസ്ഥാന സർക്കാരിന്റെ വിശദീകരണം 17.11.2011-ലെ 14227/ലെഗ്.എഫ്2/11/നിയമം നമ്പർ കത്തു മുഖേനയും 03.07.2012-ലെ 10388/ലെഗ്.എഫ്2/2012/ നിയമം നമ്പർ കത്തു മുഖേനയും ഏറ്റവുമൊടുവിൽ 21.11.2013-ലെ 321/ലെഗ്.എഫ്2/2011/Law നമ്പർ കത്തു മുഖേനയും ബഹു.ഗവർണറുടെ ഓഫീസിലേയ്ക്ക് അയച്ചിട്ടുള്ളതും ബഹു.ഗവർണറുടെ ഓഫീസിൽ നിന്നും അവസാനമായി ആ ഓഫീസിലെ 24.12.2013-ലെ GS5-736/2011 നമ്പർ കത്തുമുഖേന സംസ്ഥാന സർക്കാരിന്റെ വിശദീകരണം കേന്ദ്രത്തിന് അയച്ചു കൊടുത്തിട്ടുള്ളതുമാണ്. |
| (സി) | അംഗീകാരം ലഭിക്കുന്നതിൽ നിലവിൽ എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ ; വിശദീകരിക്കാമോ ? | ബില്ലിലെ ചില വ്യവസ്ഥകൾ 1986-ലെ എൻവയോൺമെന്റ് (പ്രൊട്ടക്ഷൻ) ആക്റ്റ്, 1981-ലെ വാട്ടർ (പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് പൊല്യൂഷൻ) ആക്റ്റ്, 2010-ലെ നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ ആക്റ്റ് എന്നിവയ്ക്ക് വിരുദ്ധമാണ് എന്നും അവയിലെ വ്യവസ്ഥകൾക്ക് എതിരായ നിയമങ്ങൾ ഉണ്ടാക്കുന്നതിന് സംസ്ഥാന നിയമസഭയ്ക്ക് അധികാരമില്ല എന്നും ഉള്ള കേന്ദ്രമന്ത്രാലയങ്ങളുടെ നിരീക്ഷണങ്ങളാണ് പ്രസ്തുത ബില്ലിന് അംഗീകാരം ലഭിക്കുന്നതിന് |

| | | |
|---|---|---|
| | | നിലനിൽക്കുന്ന തടസ്സങ്ങൾ. എന്നാൽ, അത്തരം നിരീക്ഷണങ്ങൾ നിലനിൽക്കുന്നതല്ല എന്നും സംസ്ഥാന നിയമസഭയ്ക്ക് പ്രസിഡന്റിന്റെ അനുമതിയോടുകൂടി ഇത്തരം ഒരു നിയമം ഉണ്ടാക്കുന്നതിന് അധികാരം ഉണ്ട് എന്നും ആണ് സംസ്ഥാന സർക്കാരിന്റെ മറുപടിയിൽ വിശദീകരിച്ചിട്ടുള്ളത്. |

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.